(ബി) നിയമാനുസൃത യോഗ്യതയുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥരെ ഡ്രൈവർ ഡ്യൂട്ടിക്കായി നിയോഗിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

വേലന്താവളം ചെക്ക് പോസ്റ്റിലെ കൈക്കൂലി കേസ്

204 (6353) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വേലന്താവളം ചെക്ക് പോസ്റ്റിൽനിന്നും കൈക്കൂലി കേസുമായി ബന്ധപ്പെട്ട് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെ വിജിലൻസ് പിടികൂടിയിട്ടുണ്ടോ ;

(ബി) എത്രപേരെയാണ് പിടികൂടിയിട്ടുള്ളത് ; ഇവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഇവരിൽനിന്നും എത്ര രൂപയാണ് പിടിച്ചെടുത്തിട്ടുള്ളത് ;

(ഡി) ഇവരുടെ പേരിൽ കേസെടുത്ത് വിജിലൻസ് കോടതിയിൽ നൽകിയിട്ടുണ്ടോ ;

(ഇ) ഇവർക്കെതിരെ വകുപ്പുതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഇല്ല. എന്നാൽ ചെക്ക് പോസ്റ്റിൽ അനധികൃതമായി കണ്ടെത്തിയ നാരായണസ്വാമി എന്നയാളിൽ നിന്നും 39,000 രൂപയും കുക്കിന്റെ ജോലിക്കായി നിയോഗിക്കപ്പെട്ടിരുന്ന മോഹനൻ എന്നയാളിൽ നിന്നും 27,000 രൂപയും (ആകെ 66,000 രൂപ) വിജിലൻസ് സംഘം മിന്നൽ പരിശോധനയിൽ പിടിച്ചെടുത്തിട്ടുണ്ട്.

(ഡി-എഫ്) ഇല്ല. എന്നാൽ ടി വിഷയത്തിൽ വിശദമായ വിജിലൻസ് അന്വേഷണം നടത്തണമെന്നുള്ള വിജിലൻസ് ഡയറക്ടറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

മ്യൂസിയം പോലീസ് സ്റ്റേഷനിലെ ക്രൈം 38/2013 നമ്പർ കേസ്സിലെ പ്രതികളെ സംബന്ധിച്ച റിപ്പോർട്ട്

205 (6354) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാമ്യമില്ലാ വകുപ്പുപ്രകാരമുള്ള ക്രിമിനൽ കേസ്സുകളിൽപ്പെടുന്ന സർക്കാർ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പുകളിൽ വകുപ്പുതല നടപടിക്കായി റിപ്പോർട്ടുചെയ്യാറുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly